ഇ.എ(1) 15139/2009

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 07.09.2009

## സർക്കുലർ നമ്പർ: 48/2009

**വിഷയം : സഹകരണ വകുപ്പ് : മലയാളം ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.**

**സൂചന : 1. ഈ ആഫീസിലെ 22/2002,13/2004 നമ്പർ സർക്കുലറുകൾ.**
**2. കേരള നിയമസഭ ഔദ്യോഗിക ഭാഷാസമിതി അവലോകന യോഗ ശുപാർശകൾ.**

കേരളത്തിലെ ഭരണ ഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിലേക്ക് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ ഭാഗമായി സഹകരണ വകുപ്പിൽ മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഔദ്യോഗിക നിർവ്വഹണത്തിന് നിയമപരമായും, നിർബന്ധമായും ഇംഗ്ലീഷും ന്യൂനപക്ഷ ഭാഷകളായ കന്നട,തമിഴ് എന്നിവയും ഉപയോഗിക്കുന്നതൊഴികെ മലയാളം മാത്രം ഔദ്യോഗിക ഭാഷയായി ഉപയോഗിക്കേണ്ടതാണ്.

2. സഹകരണ വകുപ്പിലെ സാങ്കേതിക പദങ്ങൾക്ക് അർത്ഥ വ്യത്യാസം വരുത്താത്ത വിധം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി ഉപയോഗിക്കുകയോ ഇപ്പോൾ ഉപയോഗത്തിലിരിക്കുന്ന ഇംഗ്ലീഷ് സാങ്കേതിക പദങ്ങൾ തന്നെ മലയാളം ലിപിയിൽ ഉപയോഗിക്കുകയോ ചെയ്യേണ്ടതാണ്.

3. ഇംഗ്ലീഷിൽ മാത്രം പുറപ്പെടുവിക്കേണ്ട ഉത്തരവുകളുടേയും സർക്കുലറുകളുടേയും ഒപ്പം മലയാള പരിഭാഷ കൂടി ഉണ്ടായിരിക്കേണ്ടതാണ്.

4. ആഫീസുകളിൽ മലയാളത്തിലുള്ള ഫാറങ്ങൾതന്നെ ഉപയോഗിക്കുകയും സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

5. ഇപ്പോൾ ഉപയോഗിക്കുന്ന വായ്പകളുടെ ഈട് പത്രങ്ങൾ മലയാളത്തിൽ തയ്യാറാക്കേണ്ടതാണ്.

6 ജില്ലാ സഹകരണ ബാങ്കുകളിലേയും പ്രാഥമിക സഹകരണ സംഘങ്ങളിലേയും/ബാങ്കുകളിലേയും ബോർഡുകൾ മലയാളത്തിൽ എഴുതി വെയ്ക്കുകയും കത്തിടപാടുകൾ പൂർണ്ണമായും മലയാളത്തിൽ തയ്യാറാക്കുകയും ചെയ്യേണ്ടതാണ്.

7. "മലയാളം നമ്മുടെ ഭരണഭാഷ" "ഹർജികളും നിർദ്ദേശങ്ങളും മലയാളത്തിലാണ് നൽകേണ്ടത്" എന്നീ ബോർഡുകൾ എല്ലാ ആഫീസുകളിലും സ്ഥാപിക്കേണ്ടതാണ്.

8. കോടതികളിലും ട്രൈബ്യൂണലുകളിലും ഔദ്യോഗിക നിർവ്വഹണത്തിന് മലയാളം ഉപയോഗിക്കുകയും വിധികൾ മലയാളത്തിൽ തയ്യാറാക്കുകയും ചെയ്യേണ്ടതാണ്.

9. ബോർഡുകൾ, സൂചകങ്ങൾ, ശിലാഫലകങ്ങൾ, വാഹനങ്ങൾ എന്നിവയിലെല്ലാം ഇംഗ്ലീഷിനോടൊപ്പം മലയാളവും എഴുതി വെയ്ക്കേണ്ടതാണ്.

ഒപ്പ്
റാണി ജോർജ്.ഐ.എ.എസ്
സഹകരണ സംഘംരജിസ്ട്രാർ

പകർപ്പ് : 1 .എല്ലാജോയിന്റ് രജിസ്ട്രാർമാർക്കും(ആഡിറ്റ്/ജനറൽ)
2. ഡെപ്യൂട്ടി രജിസ്ട്രാർ /സെക്രട്ടറി കേരളസഹകരണ പരീക്ഷബോർഡ്
3. അഡീഷണൽ രജിസ്ട്രാർ/സെക്രട്ടറി, കേരള സഹകരണ ഇലക്ഷൻ കമ്മീഷൻ.
4. അഡീഷണൽ രജിസ്ട്രാർ /സെക്രട്ടറി, കേരള സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് എംപ്ലോയീസ് പെൻഷൻ ബോർഡ്.
5. അഡീഷണൽ രജിസ്ട്രാർ /സെക്രട്ടറി, കേരള സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ്.
6. അഡീഷണൽ രജിസ്ട്രാർ /സെക്രട്ടറി, കേരള സംസ്ഥാന സഹകരണ യൂണിയൻ.
7. പ്രിസൈഡിങ് ആഫീസർ, സഹകരണ ആർബിട്രേഷൻ കോടതി.
8. ഡെപ്യൂട്ടി രജിസ്ട്രാർ /പ്രിൻസിപ്പാൾ സഹകരണ പരിശീലനകേന്ദ്രം.
9. ഡെപ്യൂട്ടി രജിസ്ട്രാർ/സെക്രട്ടറി,കേരള സഹകരണട്രൈബ്യൂണൽ
10. എല്ലാഅസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ/ആഡിറ്റ്) മാർക്കും
11. എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും,
12. പ്രാഥമിക സഹകരണ സംഘങ്ങൾക്കും (അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
13. ഈ ആഫീസിലെ എല്ലാആഫീസർമാർക്കും
14..എഡിറ്റർ, സഹകരണവീഥി/സഹകരണ ജേർണൽ (പ്രസിദ്ധീകരണത്തിന്),15. സ്റ്റോക്ക് ഫയൽ/സ്പെയർ.

//ആജ്ഞാനുസരണം//

H. Subrani

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.എ.)